**റൂളിംഗ്**

ബില്ലിന്റെ ചർച്ചയ്ക്ക് സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ നടപടികളിലെ ഏറ്റവും സുപ്രധാന ഇനമായ നിയമനിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെട്ട ചർച്ചകൾ കൂടുതൽ ഗൗരവതരമായിത്തീരേണ്ടതിന്റെയും പ്രസംഗങ്ങളിൽ സമയക്രമം പാലിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ചട്ടം 303 പ്രകാരം ഇവിടെ ഒരു ക്രമപ്രശ്നം ഉന്നയിച്ചത്.

അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ബില്ലിന്റെ ചർച്ചാവേളയിൽ സമയക്രമം പാലിക്കണമെന്നും ചർച്ച ബില്ലിന്റെ പരിധിക്കുള്ളിൽ നിർത്തണമെന്നുമുള്ള വ്യവസ്ഥകൾ സഭാചട്ടങ്ങളുടെ ഭാഗമായി ചേർക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഇതുസംബന്ധിച്ച് മുൻകാലങ്ങളിലെ സഭാദ്ധ്യക്ഷന്മാർ വ്യക്തമായ റൂളിംഗുകൾ നൽകിയിട്ടുമുണ്ട്. എന്നാൽ ഈ അടുത്ത കാലങ്ങളിൽ നമ്മുടെ സഭയിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പൊതുവെ വേണ്ടത്ര നിയന്ത്രണം പാലിച്ചിരുന്നില്ല എന്നത് ഒരു വസ്തുത തന്നെയാണ്. ഭരണ-പ്രതിപക്ഷ ധാരണയുടെ

അടിസ്ഥാനത്തിലായിരുന്നു അപ്രകാരമൊരു കീഴ്വഴക്കം പാലിച്ചിരുന്നത് എന്നാണ് കാണുന്നത്.

കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലുകൾ തീരുമാനിക്കപ്പെടുമ്പോൾ ഒരു ദിവസം ആകെ സഭ സമ്മേളിക്കുവാൻ ചട്ടപ്രകാരം നിഷ്കർഷിക്കപ്പെട്ടിട്ടുള്ള 5 മണിക്കൂറിൽ ആദ്യ ഒരു മണിക്കൂർ ചോദ്യോത്തരവേളയും അടുത്ത ഒരു മണിക്കൂർ ശൂന്യവേളയും കഴിച്ച് ബാക്കി വരുന്ന മൂന്ന് മണിക്കൂർ ഏതൊക്കെ ബില്ലുകളാണ് പരിഗണിക്കപ്പെടേണ്ടതെന്നാണ് കാര്യോപദേശക സമിതി ശിപാർശ ചെയ്യുന്നത്. അപ്രകാരമുള്ള കാര്യോപദേശക സമിതി റിപ്പോർട്ട് സഭ അംഗീകരിച്ചുകഴിഞ്ഞാൽ നിയമനിർമ്മാണത്തിനായി അനുവദിക്കപ്പെടുന്ന മൂന്നുമണിക്കൂർ സമയം സമിതി ശിപാർശ ചെയ്യുന്ന ബില്ലുകൾക്കായി വിനിയോഗിക്കപ്പെടണമെന്നത് സഭയുടെതന്നെ തീരുമാനമായി മാറുകയാണ്. ആയതിനാൽ ഓരോ ദിവസത്തെയും കാര്യപരിപാടിയുടെ ഭാഗമായുള്ള നിയമനിർമ്മാണം സമയബന്ധിതമായി നിർവ്വഹിക്കപ്പെടുന്നതിലേയ്ക്കായി യുക്തമായ സമയ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് ചെയറിന്റെ ചുമതലയായി മാറുകയും ചെയ്യുന്നു. സഭാ

നടപടി ചട്ടങ്ങളിലെ 77 (1), 294 (1), 314 എന്നീ ചട്ടങ്ങൾ വ്യക്തമായിത്തന്നെ ചെയറിന് അതിനുള്ള അധികാരം നൽകുന്നുമുണ്ട്.

കൂടുതൽ ബില്ലുകൾ പരിഗണിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ പ്രത്യേക നിയന്ത്രണമൊന്നും കൂടാതെ ചർച്ചകൾ നീണ്ടുപോകുന്നതുമൂലം പൊതുവെ എല്ലാപേർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുതന്നെ എന്നാണ് ഭൂരിപക്ഷം അംഗങ്ങളുടെയും അഭിപ്രായം. ചെയറും അക്കാര്യത്തോട് യോജിക്കുകയാണ്. ആകയാൽ സഭയുടെ collective wisdom കൂടി പരിഗണിച്ചുകൊണ്ട്, നിയമനിർമ്മാണ വേളയിൽ ഓരോ ബില്ലിന്റെയും പരിഗണനയ്ക്കായി നീക്കിവയ്ക്കാവുന്ന സമയം സംബന്ധിച്ച് അതതുദിവസത്തെ കാര്യപരിപാടിയുടെ വെളിച്ചത്തിൽ സമയക്രമം നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് കാണുകയാണ്.

ഈ സാഹചര്യത്തിൽ ഇന്നു മുതൽ സഭ മുമ്പാകെ വരുന്ന നിയമ നിർമ്മാണ കാര്യങ്ങളുടെ ഓരോ ദിവസത്തെയും സാഹചര്യം പരിഗണിച്ച് ഓരോ ബില്ലുകളുടെയും പരിഗണനയ്ക്കായി പ്രത്യേകം പ്രത്യേകമായി സമയ ക്രമീകരണം ഏർപ്പെടുത്തുന്നതായിരിക്കുമെന്ന കാര്യം അംഗങ്ങളെ അറിയിക്കുന്നു. സഭാ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള

ബഹുമാനപ്പെട്ട അംഗങ്ങളുടെ ന്യായമായ അവകാശങ്ങളെയും കീഴ്വഴക്കപ്രകാരം ലഭ്യമായിരിക്കുന്ന അവസരങ്ങളെയും പരമാവധി സംരക്ഷിക്കുന്ന തരത്തിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുമെന്ന് ചെയർ പ്രതീക്ഷിക്കുകയാണ്. ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട എല്ലാ അംഗങ്ങളുടെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും സഹകരണം ഇക്കാര്യത്തിലുണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.